<u>15 -ാം കേരള നിയമസഭ</u>

<u>12 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1329</u> <u>10-10-2024 - ൽ മറുപടിയ്ക്ക്</u>

<u>കുട്ടനാടൻ കായൽ ടൂറിസം മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാടൻ കായൽ ടൂറിസം മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | **കുട്ടനാടൻ കായൽ മേഖലയിലെ ടൂറിസം മെച്ചപ്പെടുത്തുവാൻ വൈവിധ്യമാർന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.** ഹൗസ് ബോട്ട് ടൂറിസം സുഗമമാക്കുന്നതിന് മുൻതൂക്കം നൽകിയുള്ള പദ്ധതികളാണ് നടപ്പിലാക്കുന്നത്.<br>ഹൗസ് ബോട്ട് മാലിന്യം സംസ്കരിക്കുന്നതിന് സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ (STP) പ്രവർത്തനക്ഷമമാക്കാനുള്ള നടപടികൾ പരിശോധിച്ചു വരുന്നു. സ്വകാര്യ പങ്കാളിത്ത വ്യവസ്ഥയിൽ STP സ്ഥാപിക്കുന്ന കാര്യവും പരിശോധനയിലാണ്. **കുട്ടനാട്ടിലെ വിനോദ സഞ്ചാര മേഖലയുടെ വികസനത്തിന് നടപ്പാക്കിയ ആലപ്പുഴ മെഗാ ടൂറിസം സർക്യൂട്ടിന്റെ ഭാഗമായി 'നൈറ്റ് ഹാൾട് ടെർമിനൽ അറ്റ് വട്ടക്കായൽ' പദ്ധതി പൂർത്തിയാക്കിയിട്ടുണ്ട്. ഇവിടെ റാംപ് ഏരിയ വാട്ടർ സ്പോർട്സ് ആക്ടിവിറ്റീസ് നടത്താനുള്ള നടപടികൾ ആലപ്പുഴ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ സ്വീകരിച്ചു വരുന്നു.** |
| (ബി) | ഹൗസ് ബോട്ടുകളിലെ ശുചിമുറി മാലിന്യം സംസ്കരിക്കാൻ എന്തെല്ലാം പുതിയ സൗകര്യങ്ങൾ ഏർപ്പെടുത്തുമെന്ന് വ്യക്തമാക്കുമോ? | (ബി) | ഹൗസ് ബോട്ടുകളിൽ നിന്നുള്ള ശുചിമുറി മാലിന്യം സംസ്കരിക്കാനായി വട്ടക്കായൽ ആർ ബ്ലോക്കിലും എച്ച് ബ്ലോക്കിലുമായി രണ്ട് STP നിർമിച്ചിരുന്നു. നിലവിൽ പ്രവർത്തനരഹിതമായ ഇരു പ്ലാന്റുകളും പുനഃരുജ്ജീവിപ്പിച്ച് പ്രവർത്തന സജ്ജമാക്കാനുള്ള നടപടികൾ പരിശോധിച്ചു വരുന്നു. കൂടാതെ കൈനകരി ഇരുമ്പനം പാടശേഖരത്ത് പൊതു - സ്വകാര്യ പങ്കാളിത്ത വ്യവസ്ഥയിൽ STP സ്ഥാപിക്കുന്ന കാര്യവും പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ